**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽ ദാന പദ്ധതി - തൃശ്ശൂർ നഗരസഭയിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 21.07.2016 തീയതിയിൽ മരണപ്പെട്ട സതി വി സിയുടെ മകൾ ഹിമ വി സി - മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ ഡി ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

**സ.ഉ(കൈ)നം. 143/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 03/10/2018**

---

പരാമർശം:-1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ.

2. കുമാരി. ഹിമ വി സി സമർപ്പിച്ച 05.05.2017 ലെ അപേക്ഷ.

3. നഗരകാര്യ ഡയറക്ടറുടെ 27.09.2017 ലെ ഇ 4-13370/2017 നമ്പർ കത്ത്.

4. സ.ഉ.(കൈയെഴുത്ത്) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.

5. തൃശ്ശൂർ ജില്ലാ കളക്ടറുടെ 24.07.2018 ലെ DCTSR/1796/2018 - A6 നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തൃശ്ശൂർ നഗരസഭയിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 21.07.2016 തീയതിയിൽ മരണപ്പെട്ട സതി വി സിയുടെ മകൾ ഹിമ വി സി അപേക്ഷ സമർപ്പിച്ചിരുന്നു. സതി വി സിയുടെ സേവനകാലം 06 വർഷം 10 മാസം 07 ദിവസമാണ് . പരേതയുടെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 17.01.1966, 20.06.2009 ആണ്. നഗരകാര്യ ഡയറക്ടറും തൃശ്ശൂർ ജില്ലാ കളക്ടറും അപേക്ഷകന് ജോലി നല്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

2. അപേക്ഷക 10 -ാം ക്ലാസ് പാസ്സായിട്ടുള്ളതും ടിയാളുടെ ജനനത്തിയതി 08.05.1996 എന്നതുമാണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാൾ സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതയുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും തൃശ്ശൂർ ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതയുടെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ഹിമ വി സി എന്ന വ്യക്തിക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതയുടെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 18000/- രൂപയാണെന്ന് (പതിനെട്ടായിരം രൂപ മാത്രം) ഊരകം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാൾ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തൃശ്ശൂർ നഗരസഭയിൽ സാനിറ്ററി വർക്കർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 21.07.2016 തീയതിയിൽ മരണപ്പെട്ട സതി വി സിയുടെ മകൾ ഹിമ വി സി എന്ന വ്യക്തിക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ തൃശ്ശൂർ നഗരസഭയിലോ, തൃശ്ശൂർ ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ എൽ ഡി ക്ലാർക്ക് തസ്തികയിൽ പരാമർശം ഒന്നിലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേല്പറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃശ്ശൂർ നഗരസഭ (മേയർ മുഖേന)
ജില്ലാ കളക്ടർ , തൃശ്ശൂർ.
കുമാരി. ഹിമ വി സി, ചെറുവത്തൂർ,
ചേർപ്പ് വെസ്റ്റ് പി.ഒ, തൃശ്ശൂർ 680581 (രജിസ്റ്റേർഡ് പോസ്റ്റ്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ